പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 136 | 15/06/2012-ൽ മറുപടിക്ക്

ബഹുനില കെട്ടിട നിർമ്മാണം - പുതിയ മാർഗ്ഗ രേഖകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. കെ.കെ.നാരായണൻ:<br>ശ്രീ. സാജുപോൾ: | | ശ്രീ.മഞ്ഞളാംകുഴി അലി<br><br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ബഹുനില കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുതിയ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ; | (ബി) | വിവിധ ഉയരങ്ങളിലുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പ്രകാരം 15 മീറ്ററിലധികം ഉയരമുള്ള കെട്ടിടങ്ങൾക്ക് കെട്ടിടം ഓക്യുപൈ ചെയ്യുന്നതിനു മുമ്പ് അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കണമെന്നും; കെട്ടിടത്തിന്റെ ഉയരത്തിനാനുപാതികമായി വഴിയ്ക്ക് കുറഞ്ഞത് 15 മീറ്റർ മുതൽ 30 മീറ്റർ വരെയും, (അഭിലഷണീയം) 18 മീറ്റർ മുതൽ 45 മീറ്റർ വരെയും വീതിയുണ്ടായിരിക്കണമെന്നും; കെട്ടിടത്തിന്റെ ഉയരത്തിനാനുപാതികമായി കുറഞ്ഞത് 10 കി.മീറ്റർ മുതൽ 2 കി.മീറ്റർ വരെയും (അഭിലഷണീയമായത് 5 കി.മീറ്റർ മുതൽ 10 മിനിട്ട് ഡ്രൈവിംഗ് ദൂരം വരെയും) വരുന്ന ദൂരപരിധിയ്ക്കുള്ളിൽ ഫയർ സ്റ്റേഷൻ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കെട്ടിടങ്ങളിൽ ഫയർ ഡിപ്പാർട്ട്മെന്റ് മുഖേന വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും മോക്ക്-അപ് ഡ്രില്ലുകൾ നടത്തണമെന്നും; നിർമ്മാണം തുടങ്ങുന്നതിനും, കെട്ടിടം ഓക്യുപ്പൈ ചെയ്യുന്നതിനും മുമ്പ് ലോക്കൽ ഫയർ സ്റ്റേഷൻ/ഫയർ ഡിപ്പാർട്ട്മെന്റ്-ൽ നിന്നും എൻ.ഒ.സി വാങ്ങിയിരിക്കണമെന്നും; വേണ്ട പക്ഷം ദേശീയ/സംസ്ഥാന ദുരന്തനിവാരണ അതോറിട്ടി (National/State Disaster Management Authority)-യിൽ നിന്നും എൻ.ഒ.സി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അഗ്നിശമന വകുപ്പ്, ദേശീയ/ സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി |

എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖകളും ഡെവലപ്പർ/ഓക്യുപൈയർ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കർശനമായി പാലിച്ചിരിക്കണമെന്നും കൂടി നിഷ്കർഷിച്ചിട്ടുണ്ട്. പ്രാദേശിക സാഹചര്യങ്ങൾ സാധൂകരിക്കുന്ന പക്ഷം, സംസ്ഥാന തലത്തിലെ എൻവിറോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിട്ടികൾക്ക് അവരുടെ അധികാര പരിധിയിൽപ്പെടുന്ന പ്രോജക്ടുകൾക്ക് മേൽ പ്രതിപാദിച്ച മാർഗ്ഗ നിർദ്ദേശങ്ങളേക്കാൾ കൂടുതൽ കർശനമായ നിബന്ധനകൾ നിഷ്കർഷിക്കാവുന്നതാണെന്നും മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

(സി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളെ തുടർന്ന് അതുമായി ബന്ധപ്പെട്ട് ആക്ഷേപം ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ വൻകിട കെട്ടിട നിർമ്മാതാക്കൾ പരാതി നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. 07/02/2012-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇറക്കിയ നിർദ്ദേശ പ്രകാരം 15 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 15 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ആവശ്യമാണെന്നുള്ളതും, ഫയർ സ്റ്റേഷന്റെ സ്ഥാനത്തെപ്പറ്റിയുള്ള നിയന്ത്രണവും മറ്റും വളരെ ബുദ്ധിമുട്ട് ഉളവാക്കുന്നതായി കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻസ് ഓഫ് ഇന്ത്യ (CREDAI) പ്രതിനിധികൾ പ്രസ്തുത മീറ്റിംഗിൽ അഭിപ്രായപ്പെട്ടു. നാഷണൽ ബിൽഡിംഗ് കോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം റോഡുകൾക്ക് വീതി വേണമെന്ന അഭിപ്രായമാണ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയ്ക്കുള്ളത്. സുരക്ഷ കണക്കിലെടുക്കുമ്പോൾ വീതിയുള്ള റോഡുകൾ അത്യാവശ്യമാണെന്നും, ഈ കാര്യത്തിൽ കേരളത്തിലെ സ്ഥലപരിമിതി കണക്കിലെടുത്ത് പ്രായോഗികമായ സമീപനം സ്വീകരിക്കാമെന്നും ബഹു.മുഖ്യമന്ത്രി പറയുകയുണ്ടായി. ഇതു സംബന്ധമായി പ്രത്യേക ഉറപ്പൊന്നും ആർക്കും നൽകിയിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് അനധികൃതമായി ബഹുനില കെട്ടിട നിർമ്മാണം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

സെക്ഷൻ ആഫീസർ